Malappuram District Police

# മഞ്ചേരിയിൽ 20 കിലോ കഞ്ചാവുമായി ഒരാൾ പിടിയിൽ

**<u>മഞ്ചേരി: (10.06.2019)</u>**

മഞ്ചേരി മുട്ടിപ്പാലത്ത് 20 കിലോ കഞ്ചാവുമായി ഒരാൾ പിടിയിൽ. വയനാട് സ്വദേശിയായ ബാബു സെബാസ്റ്റ്യൻ ആണ് അറസ്റ്റിലായത്. മലപ്പുറത്തേക്ക് മൊത്ത വിതരണത്തിനായി ആന്ധ്രയിൽ നിന്നും കൊണ്ടുവന്ന കഞ്ചാവാണ് പിടിച്ചത്. ഒരാഴ്ച മുൻപ് ആറ് കിലോ കഞ്ചാവുമായി അരീക്കോട് വാലില്ലാപുഴ സ്വദേശി മുസ്തഫയെ പോലീസ് പിടികൂടിയിരുന്നു. ഇയാളിൽ നിന്നാണ് ജില്ലയിലേക്ക് വൻതോതിൽ കഞ്ചാവ് എത്തിക്കുന്ന ബാബുവിനെ കുറിച്ച് വിവരം ലഭിക്കുന്നത്.

ബാബുവിനെ ചോദ്യം ചെയ്തതിൽ നിന്ന് ഇയാൾ നിരവധി തവണ മലപ്പുറത്തേക്ക് കഞ്ചാവ് എത്തിച്ചു നൽകിയിരുന്നതായി പറഞ്ഞു. ഇയാളിൽ നിന്നും ജില്ലയിലെ മൊത്ത വിതരണക്കാരായ ആളുകളെ കുറിച്ച് വിവരം ലഭിച്ചിട്ടുണ്ട് ഇവരെ നിരീക്ഷിച്ചുവരികയാണ്. 25 വർഷത്തോളമായി ആന്ധ്രയിലെ നരസിപട്ടണത്ത് താമസമാക്കിയ ഇയാൾക്ക് കേരളമടക്കമുള്ള സംസ്ഥാനങ്ങളിലെ മൊത്ത വിതരണക്കാരുമായി ബന്ധമുള്ളതായി കണ്ടെത്തി. ചോദ്യം ചെയ്യലിൽ ആന്ധ്രയിൽ ഏജന്റുമാരായി നിൽക്കുന്ന ആളുകളെ കുറിച്ചും വിവരം ലഭിച്ചിട്ടുണ്ട്. പിടിയിലായ പ്രതി ബാബുവിന്റെ പേരിൽ വയനാട് മാനന്തവാടി സ്റ്റേഷനിൽ കേസ് നിലവിൽ ഉണ്ട്. പ്രതിയെ കോടതിയിൽ ഹാജരാക്കി.